**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1714** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഓയിൽ പാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ പി.എസ്.സി. നിയമനം അട്ടിമറിച്ച് 14 താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കാതിരിക്കാൻ ബോർഡംഗങ്ങൾ കൃഷി വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയെന്ന ആരോപണം ശരിയാണോ; ആണെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന 14 താൽക്കാലിക ജീവനക്കാരെ, അവരുടെ യോഗ്യതയും, പ്രവർത്തി പരിചയവും, മറ്റ് ജോലി ലഭിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രായാധിക്യവും കണക്കിലെടുത്ത് സ്ഥിരപ്പെടുത്തുന്ന വിഷയം സംബന്ധിയായ ഫയൽ വർഷങ്ങളായി സർക്കാരിലുണ്ടെന്നും, ആയത് മാനുഷിക പരിഗണന നൽകണമെന്നുമുള്ള ശിപാർശ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). വിഷയം പരിശോധിച്ച് വരുന്നു.** |
| (ബി) | നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതിന് പിന്നാലെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ ബോർഡംഗങ്ങൾ കത്തയച്ചുവെങ്കിൽ അത് നിയമപരമാണോ എന്ന് വിശദമാക്കാമോ; | (ബി) | **പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന 14 താൽക്കാലിക ജീവനക്കാരെ, അവരുടെ യോഗ്യതയും, പ്രവർത്തി പരിചയവും, മറ്റ് ജോലി ലഭിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രായാധിക്യവും കണക്കിലെടുത്ത് സ്ഥിരപ്പെടുത്തുന്ന വിഷയം സംബന്ധിയായ ഫയൽ വർഷങ്ങളായി സർക്കാരിലുണ്ടെന്നും, ആയത് മാനുഷിക പരിഗണന നൽകണമെന്നുമുള്ള ശിപാർശ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). വിഷയം പരിശോധിച്ച് വരുന്നു.** |
| (സി) | പ്രസ്തുത വിഷയത്തിൽ കൃഷി വകുപ്പ് തീരുമാനം കൈക്കൊ ണ്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന 14 താൽക്കാലിക ജീവനക്കാരെ, അവരുടെ യോഗ്യതയും, പ്രവർത്തി പരിചയവും, മറ്റ് ജോലി ലഭിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രായാധിക്യവും കണക്കിലെടുത്ത് സ്ഥിരപ്പെടുത്തുന്ന വിഷയം സംബന്ധിയായ ഫയൽ വർഷങ്ങളായി സർക്കാരിലുണ്ടെന്നും, ആയത് മാനുഷിക പരിഗണന നൽകണമെന്നുമുള്ള ശിപാർശ** |

| | | | |
|---|---|---|---|
| | | | **ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ കൃഷി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു). വിഷയം പരിശോധിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

OIL PALM INDIA LIMITED
(A JOINT VENTURE OF THE GOVT. OF KERALA AND THE GOVT. OF INDIA)
REGD. OFFICE: XIV/130, KOTTAYAM SOUTH P.O., KODIMATHA, KOTTAYAM - 686 013, KERALA. PHONE: 2566882, 2567103, 2567104, FAX: 0481-2561442
GST IN: 32AAACO3695G1ZI., CIN: U01133KL1977SGCOO2934 E-mail: md@oilpalmindia.com, Web: www.oilpalmindia.com

ഒപി/പിഡി/ 1457 13-09-2023

AP32
26/9/23

ബഹു: കൃഷി വകുപ്പ് മന്ത്രി,
കൃഷി വകുപ്പ്, സെക്രട്ടറിയേറ്റ്,
കേരള സർക്കാർ,
തിരുവനന്തപുരം

സർ,

വിഷയം: ഓയിൽ പാം ഇന്ത്യ ലിമിറ്റഡിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്:-

സൂചന:
1. File No. 27389/PU1/10/AD
2. 11-12-2019 തീയതിയിലെ ഒപി/പിഡി/സിഎം/8674 പ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാൻ ബഹു: കൃഷി വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്.
3. 26-08-2020 തീയതിയിലെ OP/PD/1293 നമ്പർ കത്ത്.
4. 23-09-2020 തീയതിയിൽ കൂടിയ 214-ാമത് ഡയറക്ടർ ബോർഡിൻറെ ശുപാർശ.
5. 08-03-2022 തീയതിയിൽ കൂടിയ 220-ാമത് ഡയറക്ടർ ബോർഡിൻറെ ശുപാർശ.
6. 16-03-2022 തീയതിയിലെ ഒപി/പിഡി/സിഎം/10082 പ്രകാരം ഓയിൽ പാം ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാൻ ബഹു: കൃഷി വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്.
7. 03-07-2023 തീയതിയിലെ OP/PD/853 നമ്പർ കത്ത്.
8. 11-08-2023 തീയതിയിലെ സർക്കാർ ഉത്തരവ് GO(P) No. 14/2023/AGRI.
9. 23-08-2023 തീയതിയിൽ കൂടിയ 226-ാമത് ഡയറക്ടർ ബോർഡിൻറെ ശുപാർശ.

സൂചന കത്തുകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓയിൽ പാം ഇന്ത്യയിലെ നിയമന ചട്ടങ്ങൾ സൂചന(8) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നിലവിൽ വന്നിട്ടുള്ളതാണ്. പുതിയ നിയമന ചട്ടങ്ങൾ പ്രകാരം സീനിയർ മാനേജർ തസ്തിക ഒഴികെയുള്ള തസ്തികയിലേക്കുള്ള നിയമനങ്ങൾ പി എസിയ്ക്ക് വിട്ടിട്ടുള്ളതാണ്. സൂചന (1) പ്രകാരമുള്ള ഫയൽ ഓയിൽ പാം ഇന്ത്യയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ 10 വർഷമായി ജോലി ചെയ്തു വരുന്ന 14 താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതാണ്. പുതിയ നിയമന ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നത് പ്രകാരം ഇവരുടെ സ്ഥിര നിയമനവുമായി ബന്ധപ്പെട്ട വിഷയം ഒരു അനിശ്ചിതത്വത്തിൽ ഇരിക്കുകയാണ്. കമ്പനിയുടെ 226 ാമത് ഡയറക്ടർ ബോർഡ് ഈ വിഷയം ചർച്ച ചെയ്യുകയും ഈ 14 താൽകാലിക ജീവനക്കാരെ യോഗ്യതയും, ജോലിയിലുള്ള പരിചയവും പ്രകടനവും, മറ്റ് ജോലി കിട്ടുന്നതിന് പ്രായത്തിൻറെ പ്രശ്നവും കണക്കിലെടുത്ത് ഒരു മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമാണെന്ന് വിലയിരുത്തുകയും ഈ വിഷയം സർക്കാരിൻറെ പരിഗണക്കായി അയക്കുന്നതിന് തീരുമാനിച്ചട്ടുള്ളതുമാണ്.



Generated from eOffice by MEENA DEVI K C, SG-ASST(PU1) AGRI, SG ASST (PU1) AGRI, AGRI on 27/01/2024 01:01 PM

അതിനാൽ 11-08-2023 തിയതിയിലെ സർക്കാർ ഉത്തരവ് വരുന്നതിന് മുൻപ് ഓയിൽ പാം ഇൻഡ്യയിൽ 10 വർഷമായി താൽകാലിക വ്യവസ്ഥയിൽ അംഗീകൃത തസ്തികയിൽ ജോലി ചെയ്തുവരുന്ന താഴെ പറയുന്ന 14 താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ പ്രത്യേകമായി ഒറ്റ തവണത്തേയ്ക്ക് മാത്രം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അത് കൂടാതെ ഈ വിഷയത്തിൽ ഒരു തിരുമാനം ആകുന്നതുവരെ ഇവർ ജോലി ചെയ്യുന്ന തസ്തികയിലെ ഒഴിവുകൾ പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള അനുമതി നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | വയസ്സ് | ജോലിയിൽ പ്രവേശിച്ച തീയതി | സർവീസ് കാലയളവ് (വർഷം) |
|---|---|---|---|---|---|
| 1 | പ്രിയ വി വി | ജൂനിയർ അസിസ്റ്റന്റ് | 47 | 23-07-2007 | 16 |
| 2 | ജയ ബി എസ് | ഹോസ്പിറ്റൽ അറ്റൻഡന്റ് | 49 | 24-04-2008 | 15 |
| 3 | രതീഷ് പി ആർ | പിബിഎക്സ് ഓപ്പറേറ്റർ | 41 | 05-08-2008 | 15 |
| 4 | സൈജു എൻ സനൂജൻ | ജൂനിയർ അസിസ്റ്റന്റ് | 40 | 06-08-2008 | 15 |
| 5 | അഭിലാഷ് എം പി | ഡ്രൈവർ | 47 | 14-01-2009 | 14 |
| 6 | ശ്യാമ എസ് | ജൂനിയർ അസിസ്റ്റന്റ് | 52 | 04-05-2009 | 14 |
| 7 | സൂര്യ കുമാരി എം എസ് | ജൂനിയർ അസിസ്റ്റന്റ് | 45 | 01-10-2009 | 13 |
| 8 | രാജൻ ജി | എഞ്ചിനിയറിംഗ് സൂപ്പർവൈസർ | 41 | 27-01-2010 | 13 |
| 9 | കാർത്തിക എസ് നായർ | ജൂനിയർ അസിസ്റ്റന്റ് | 37 | 05-04-2010 | 13 |
| 10 | സതീഷ് കുമാർ എസ് | ഫാർമസിസ്റ്റ് | 36 | 06-01-2010 | 13 |
| 11 | അനിഷ് വി ജി | ജൂനിയർ അസിസ്റ്റന്റ് | 36 | 20-07-2010 | 13 |
| 12 | ദീപ വി നായർ | ജൂനിയർ അസിസ്റ്റന്റ് | 43 | 20-07-2010 | 13 |
| 13 | നാരായണൻ നമ്പൂതിരി കെ | ജൂനിയർ അസിസ്റ്റന്റ് | 43 | 31-10-2011 | 11 |
| 14 | നീതു എസ് | ഡ്രാഫ്ട്സ്മാൻ (സിവിൽ) | 33 | 17-02-2012 | 11 |

വിശ്വസ്തതയോടെ,

ഓയിൽ പാം ഇന്ത്യ ലിമിറ്റഡിനു വേണ്ടി,

(ഒപ്പ്)

അഡ്വ. ആർ രാജേന്ദ്രൻ
ചെയർമാൻ

ഉള്ളടക്കം : 226 ാമത് ഡയറക്ടർ ബോർഡിൻറെ ശുപാർശ

സെക്ഷൻ ഓഫീസർ



Generated from eOffice by MEENA DEVI K C, SG-ASST(PU1) AGRI, SG ASST (PU1) AGRI, AGRI on 27/01/2024 01:01 PM